# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

മദ്യവിരുദ്ധ ബോധവല്‍ക്കരണ പ്രവര്‍ത്തനങ്ങള്‍

3347

ശ്രീ. പി. എ. മാധവന്‍
,, ജോസഫ് വാഴക്കന്‍
,, റ്റി. എന്‍. പ്രതാപന്‍
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്ന മദ്യവിരുദ്ധ ബോധവല്ക്കരണ പരിപാടികള്‍ക്ക് ബിവറേജസ് കോര്‍പ്പറേഷന്‍ ധനസഹായം നല്‍കുന്നുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ബിവറേജസ് കോര്‍പ്പറേഷന്റെ ലാഭവിഹിതത്തിന്റെ നിശ്ചിതഭാഗം മദ്യവിരുദ്ധ ബോധവല്‍ക്കരണ പ്രവര്‍ത്തനങ്ങള്‍ക്ക് നീക്കി വയ്ക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ബിവറേജസ് കോര്‍പ്പറേഷന്റെ കീഴില്‍ ഡി-അഡിക്ഷന്‍ സെന്ററുകള്‍ ആരംഭിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ എവിടെയെല്ലാമാണെന്നും ഇതിനായി എന്തു തുക ചെലവഴിക്കുവാന്‍ ഉദ്ദേശിക്കുന്നുവെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിന്റെ അതിജീവനം പദ്ധതി</u>

3348 ശ്രീ. വി. ഡി. സതീശൻ
'' റ്റി. എൻ. പ്രതാപൻ
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ അതിജീവനം പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ലഹരിവിരുദ്ധ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

മദ്യാസക്തി നിയന്ത്രിക്കാൻ നടപടി

3349 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കളുടെ ഇടയിൽ മദ്യാസക്തി കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മദ്യാസക്തി നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളിലെ മദ്യ ഉപഭോഗം</u>

3350 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികളിലെ മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിലെ ലഹരിവിരുദ്ധ പരിപാടികൾ</u>

3351 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എന്തൊക്കെ ലഹരിവിരുദ്ധ പരിപാടികളാണ് എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഈ സാമ്പത്തികവർഷം എത്ര രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മദ്യപാനത്തിനെതിരായ ബോധവല്‍ക്കരണം</u>

3352 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യപാനത്തിനെതിരായ ബോധവല്‍ക്കരണത്തിനായി 2012-13 സാമ്പത്തിക വര്‍ഷം എക്സൈസ് വകുപ്പ് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിനായി എന്തെല്ലാം പരിപാടികളാണ് നടത്തിയതെന്നും ഓരോ ഇനത്തിലും ചെലവഴിച്ച തുകയെത്രയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

വിദേശമദ്യത്തിന്റെ മൊത്തവിതരണ സ്ഥാപനം

3353 ശ്രീ. കെ. മുരളീധരൻ
,, ആർ. സെൽവരാജ്
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശമദ്യത്തിന്റെ മൊത്ത വിതരണ സ്ഥാപനം ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ വാർഷിക വിറ്റുവരവ് എത്രയാണ്;

(സി) പ്രസ്തുത തുകയിൽ നിന്നും നിശ്ചിത ശതമാനം കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി നീക്കിവയ്ക്കുവാൻ നിർദ്ദേശം നൽകുമോ;

(ഡി) സമൂഹത്തിലെ ദുർബല വിഭാഗക്കാരെ സഹായിക്കുന്നതിനായി മദ്യവിതരണത്തിൽ നിന്നുള്ള വരുമാനത്തിന്റെ ഒരു ഭാഗം നീക്കിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകൾ

3354 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, കെ. അജിത്
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകൾ എക്സൈസിന്റെ പൂർണ്ണ നിയന്ത്രണത്തിലും സംവിധാനത്തിലും തയ്യാറാക്കുന്ന സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഹോളോഗ്രാം തയ്യാറാക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന രീതി എന്താണെന്ന് വിശദമാക്കുമോ ;

(ബി) നിലവിലുണ്ടായിരുന്ന സംവിധാനത്തിൽ എന്തെങ്കിലും പാകപ്പിഴകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(സി) ഹോളോഗ്രാം ലേബലുകൾ തയ്യാറാക്കുന്നതിൽ സി.ഡിറ്റിനുള്ള പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

ഹോളോഗ്രാം മുദ്രകളുടെ അച്ചടിയും വിതരണവും

3355 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യക്കുപ്പികളിൽ പതിക്കാനുള്ള അതീവ സുരക്ഷാ ഹോളോഗ്രാം മുദ്രകളുടെ അച്ചടിയും വിതരണവുമായി ബന്ധപ്പെട്ട് ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആരോപണത്തിന്റെ നിജസ്ഥിതി ബോദ്ധ്യപ്പെടുന്നതിന് നാളിതുവരെ വകുപ്പുതലത്തിൽ എടുത്തിട്ടുള്ള അന്വേഷണ നടപടികളുടെ വിശദാംശം അറിയിക്കുമോ;

(സി) സംസ്ഥാനത്ത് നിന്നും ഹോളോഗ്രാം മുദ്രകളുടെ അച്ചടി മാറ്റി അന്യ സംസ്ഥാന കമ്പനികൾക്ക് നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാർ നിയന്ത്രണത്തിലുള്ള സി-ഡിറ്റിൽ നിന്നും അനുബന്ധ കരാർ മാറ്റുന്നതു സംബന്ധിച്ച അന്വേഷണത്തിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ഹോളോഗ്രാം ലേബൽ നിർമ്മിക്കുന്നതിന് സ്വകാര്യപങ്കാളിത്തം</u>

3356 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനുവേണ്ടി മദ്യകുപ്പികളിൽ സുരക്ഷയ്ക്കായുള്ള ഹോളോഗ്രാം ലേബൽ നിർമ്മിക്കുന്നതിന് സ്വകാര്യപങ്കാളിത്തം ഉൾപ്പെടുത്തി പുതിയ ടെണ്ടർ വിളിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് നിലവിലുള്ള സംവിധാനം മാറ്റി ടെണ്ടർ വിളിക്കേണ്ടി വന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ഹോളോഗ്രാം ലേബൽ നിർമ്മാണം

3357 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനുവേണ്ടി ഹോളോഗ്രാം ലേബൽ നിർമ്മിച്ചു നൽകുന്നതിന് സി. ഡിറ്റുമായി എന്തെങ്കിലും കരാറുണ്ടോ ;

(ബി) എങ്കിൽ കരാർ എന്നുമുതലാണെന്നും കാലാവധി എന്നാണവസാനിക്കുന്നതെന്നും പ്രസ്തുത കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് കാലാവധി ദീർഘിപ്പിച്ച് നൽകുമോയെന്നും വിശദമാക്കുമോ ;

(സി) സെക്യൂരിറ്റി ലേബൽ നിർമ്മാണത്തിൽ പുതിയ സുരക്ഷാ സങ്കേതങ്ങൾ സംബന്ധിച്ച് എക്സൈസ് വകുപ്പ് എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ റിപ്പോർട്ട് ആരാണ് തയ്യാറാക്കിയതെന്നും പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ ;

(ഇ) റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ബിവറേജസ് കോർപ്പറേഷനിൽ മെഡിക്കൽ സെസ്</u>

3358 ശ്രീ. വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, സി. പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ വിദേശമദ്യത്തിന്റെ വിലയിന്മേൽ മെഡിക്കൽ സെസ് ചുമത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് ചുമത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത തുക എന്ത് ആവശ്യങ്ങൾക്കായി ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനകം എന്തു തുക ഈയിനത്തിൽ കോർപ്പറേഷന് ലഭിച്ചിട്ടുണ്ടെന്നും എത്ര തുക സർക്കാരിന് കൈമാറിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

ബിവറേജസ് കോർപ്പ്റേഷന്റെ വിദേശമദ്യവിൽപ്പനശാലകളിൽ കമ്പ്യൂട്ടർവത്കരണം

3359 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ വിദേശമദ്യ വിൽപ്പനശാലകളിൽ കമ്പ്യൂട്ടർവത്ക്കരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കോർപ്പറേഷൻ ഹെഡ് ഓഫീസും വിൽപ്പനശാലകളുമായി ദൈനംദിന സമ്പർക്കം പുലർത്തുന്നതിനായി കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് പഠനം നടത്തുവാൻ ഉദ്യോഗസ്ഥ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ലാഭം/നഷ്ടം</u>

3360

ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ലാഭകരമാണോ എന്ന് വെളിപ്പെടുത്തുമോ;

(ബി) 2012-13 സാമ്പത്തിക വർഷത്തെ ലാഭം/നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) 2012-13 ൽ എത്ര രൂപയാണ് ബിവറേജസ് കോർപ്പറേഷനിലെ വിറ്റുവരവ് എന്ന് വ്യക്തമാക്കുമോ;

(ഡി) 2012-13 ൽ വിവിധ ചെലവുകൾക്കായി എത്ര തുകയായി എന്ന വിവരം ലഭ്യമാക്കുമോ;

(ഇ) വിദേശമദ്യ വില്പന സംസ്ഥാനത്ത് കൂടുകയാണോ, കുറയുകയാണോ എന്ന് വെളിപ്പെടുത്തുമോ;

(എഫ്) മദ്യത്തിന്റെ ദൂഷ്യത്തെക്കുറിച്ച് ബോധവല്കരണം നടത്താൻ 2012-13 ൽ കോർപ്പറേഷൻ എത്ര തുക ചെലവിട്ടെന്നും,എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി എന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിന് നടപടികൾ</u>

3361 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ൽ സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതുമായി ബന്ധപ്പെട്ട് എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട്;

(ബി) ഇതുപ്രകാരം എത്ര ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ചെക്ക്പോസ്റ്റ് മുഖേന കടത്തിക്കൊണ്ടുവരുന്ന പാൻമസാല ഉൽപ്പന്നങ്ങൾ</u>

3362 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്കുള്ള ചെക്ക് പോസ്റ്റുകൾ മുഖേന പാൻമസാല ഉൽപ്പന്നങ്ങൾ കടത്തിക്കൊണ്ടുവരുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇപ്രകാരം ചെക്ക്പോസ്റ്റുകളിൽ കൂടി പാൻമസാല ഉൽപ്പന്നങ്ങൾ കടത്താൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പാൻമസാല ഉൾപ്പന്നങ്ങൾ കേരളത്തിലേക്ക് കടത്താൻ ശ്രമിച്ചവർക്കെതിരെ ഏതു വകുപ്പ് പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

<u>നക്ഷത്രഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിന് നടപടി</u>

3363 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നക്ഷത്ര ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിന് നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശ സ്ഥാപനങ്ങൾ എൻ.ഒ.സി നൽകാതിരുന്നാൽ പിന്നീട് അവയ്ക്ക് എക്സൈസ് വകുപ്പ് പ്രവർത്താനുമതി നൽകാറുണ്ടോ;

(സി) മദ്യഷാപ്പുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് കൂടുതൽ കർശന വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

2013-ലെ അബ്കാരി ഓർഡിനൻസ് ഭേദഗതി

3364 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ലെ അബ്കാരി ഓർഡിനൻസ് (ഭേദഗതി) പ്രാബല്യത്തിൽ വന്നശേഷം എത്ര കേസ്സുകളിൽ മൂന്നു ലക്ഷം രൂപ പിഴ ചുമത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നശേഷം 21 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മദ്യം വിറ്റതിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പിഴ ചുമത്തിയിട്ടുണ്ട് ;

(സി) മദ്യത്തിന്റെ ആഡംബര നികുതി മൂന്നിരട്ടിയായി വർദ്ധിപ്പിച്ചപ്പോൾ ഈയിനത്തിലുണ്ടായ വരുമാന വർദ്ധനവിന്റെ കണക്കുകൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിൽ ക്യാന്റീൻ സൗകര്യം</u>

3365 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ജീവനക്കാർക്ക് മിതമായ വിലയിൽ ഗുണമേൻമയുള്ള സാധനങ്ങൾ വാങ്ങുന്നതിനായി കാന്റീൻ സൗകര്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എല്ലാ ജില്ലയിലും ഇതിനായി കാന്റീൻ അനുവദിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന പാരിതോഷികം

3366 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പിരിറ്റ് പിടികൂടുന്ന ഉദ്യോഗസ്ഥർക്ക് പാരിതോഷികം നൽകാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പിടികൂടുന്ന സ്പിരിറ്റിന്റെയും വാഹനത്തിന്റെയും വില കണക്കാക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ; വിലയുടെ എത്ര ശതമാനമാണ് പാരിതോഷികം നൽകുന്നത്;

(സി) പാരിതോഷികം നൽകുന്നതിനുള്ള തുക കണ്ടെത്തുന്നതെങ്ങനെയാണ്;

(ഡി) പാരിതോഷിക ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിൽ വ്യാജവാറ്റുമായി ബന്ധപ്പെട്ട കേസ്സുകൾ</u>

3367 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം കായംകുളം മണ്ഡലത്തിൽ വ്യാജവാറ്റുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മാരിടൈം ബോർഡ് രൂപീകരണം</u>

3368 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ വകുപ്പുകളുടെ ഏകോപനത്തിലാണ് മാരിടൈം ബോർഡ് സ്ഥാപിക്കുക എന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

<u>തുറമുഖ വകുപ്പിൽ ജീവനക്കാരെ പിരിച്ചുവിട്ട നടപടി</u>

3369 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിൽ നിന്നും ഈ വർഷം മൂന്ന് ജീവനക്കാരെ അകാരണമായി പിരിച്ചുവിട്ട നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിശോധിച്ച് നടപടി പിൻവലിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) തുറമുഖ വകുപ്പിൽ വകുപ്പ് മേധാവി ചട്ടങ്ങൾ മറികടന്ന് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ഡ്രാഫ്റ്റ്സ്മാനെയും ഫിനാൻസ് ഓഫീസർ തസ്തികയിൽ ഹെഡ് ക്ലാർക്കിനെയും നിയമിച്ചത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ;

(ഡി) തുറമുഖ വകുപ്പ് മേധാവി ജീവനക്കാർക്കെതിരെ നടത്തുന്ന നിയമവിരുദ്ധ നടപടികൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ</u>

3370

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ മത്സ്യബന്ധനവും തുറമുഖവും ഹാർബർ എഞ്ചിനീയറിങ്ങും വകുപ്പിനു കീഴിൽ ഇതുവരെ നടത്തിയതും പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പുളിക്കൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറി</u>

3371 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ പുളിക്കൽ പഞ്ചായത്തിൽ തുറമുഖ വകുപ്പിന്റെ കീഴിൽ ഒരു കരിങ്കൽ ക്വാറി (പാറമട) പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇത് എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതിചെയ്യുന്നതെന്നും ഇതിൽ എത്ര ഏക്കർ സ്ഥലം പാറപൊട്ടിക്കാൻ ബാക്കിയുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്വാറിയിൽ പാറപൊട്ടിക്കുന്നതിന് അനുവാദം നൽകണം എന്ന് ആവശ്യപ്പെട്ട് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ ആവശ്യത്തിനായി പുളിക്കൽ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ, ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>അലങ്കാര മത്സ്യകൃഷി</u>

3372 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലങ്കാര മത്സ്യകൃഷിയുടെ സാദ്ധ്യത എത്രത്തോളമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഏതെല്ലാം വിദേശരാജ്യങ്ങളിലേക്കാണ് അലങ്കാര മത്സ്യങ്ങൾ കയറ്റി അയയ്ക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം അലങ്കാര മത്സ്യകയറ്റുമതിയിലൂടെ ആർജ്ജിച്ച വിദേശ നാണ്യം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മത്സ്യങ്ങളുടെ ഉലാപാദനവും, വിപണവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>മാതൃകാമത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടം</u>

3373 ശ്രീ. ലൂഡി ലൂയിസ്
,, വര്‍ക്കല കഹാര്‍
,, കെ. മുരളീധരന്‍
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാതൃകാമത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളുണ്ട് പദ്ധതി വഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു ; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി</u>

3374 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിനുശേഷം മത്സ്യസമ്പത്ത് വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മത്സ്യ ഉൽപ്പന്നങ്ങളുടെ കയറ്റുമതി</u>

3375 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ മത്സ്യഉൽപ്പന്നങ്ങളുടെ കയറ്റുമതിവഴിയുള്ള വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻവർഷങ്ങളേക്കാൾ കയറ്റുമതിയിൽ എത്ര വർധനവ് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) മത്സ്യക്കൃഷിയുടെ വ്യാപനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

<u>ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി</u>

3376 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി, മത്സ്യബന്ധനം എന്നിവ വഴി എത്ര കുടുംബങ്ങൾ ഉപജീവനം ചെയ്യുന്നു എന്നതു സംബന്ധിച്ച് കണക്കുകൾ ഉണ്ടോ; ഇവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന എന്തെല്ലാം തരം ആനുകൂല്യങ്ങളാണ് പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മത്സ്യങ്ങളിൽ മാരക രാസവസ്തു പ്രയോഗം തടയാൻ നടപടി</u>

3377 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാദേശികമായി പിടിക്കുന്ന മത്സ്യങ്ങൾ അന്യദേശങ്ങളിലേയ്ക്കും മറ്റ് മാർക്കറ്റുകളിലേയ്ക്കും കൊണ്ടുപോകുന്നതും പകരം മറ്റു മേഖലകളിൽ നിന്നും അമോണിയ പോലെയും ഫോർമാലിൻ പോലെയും മാരക രാസവസ്തുക്കൾ ചേർത്ത മത്സ്യങ്ങൾ വിപണനത്തിനെത്തുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കോടാവാത്തതും ഗുണനിലവാരമുള്ളതുമായ മത്സ്യം വില്പനയ്ക്ക് സാധ്യതയുള്ളപ്പോൾ അശാസ്ത്രീയമായി സംസ്കരിച്ചതും സൂക്ഷിച്ചതുമായ മത്സ്യം വിപണികളിലെത്തിക്കുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അടച്ചുപൂട്ടിയ വാഹനങ്ങളിൽ ഒരു പ്രദേശത്തു നിന്നും മറ്റൊരിടത്തേയ്ക്ക് കൊണ്ടുപോകുന്ന മത്സ്യം പരിശോധനയ്ക്ക് വിധേയമാക്കുന്നത് എപ്പോഴാണെന്നു പറയാമോ; മാരക രാസവസ്തുക്കൾ ഇടയ്ക്കുവച്ച് ഇത്തരം മത്സ്യങ്ങളിൽ പ്രയോഗിക്കാനുള്ള സാധ്യത മത്സ്യബന്ധന വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇത്തരം കേസുകൾ പിടിക്കപ്പെട്ടിട്ടുണ്ടോ എന്നു പറയാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ</u>

3378 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുളള വർക്ക് അനുവദിച്ച കടാശ്വാസത്തുക അതത് ബാങ്കുകൾക്ക് സർക്കാർ നൽകാത്തതുമൂലം പലിശ, പിഴപ്പലിശ എന്നിവ നാൾക്കുനാൾ വർദ്ധിച്ചു വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുൻപാകെ വൈപ്പിൻ മണ്ഡലത്തിലെ എത്ര അപേക്ഷകളാണ് പരിഹരിക്കാനുളളതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>തീരദേശ സുരക്ഷാ പദ്ധതികൾ</u>

3379 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷവും കടൽക്ഷോഭവും മുൻകൂട്ടി കണ്ട് തീരദേശമേഖലയുടേയും അവിടുത്തെ ജനങ്ങളുടേയും രക്ഷയ്ക്കായി എന്തെങ്കിലും പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയി ട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കടൽക്ഷോഭത്തിന്റെ ഭാഗമായി ഇതിനകമുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

മൽസ്യത്തൊഴിലാളികൾക്ക് ധനസഹായം

3380 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ ദുരിതം അനുഭവിക്കുന്ന മൽസ്യത്തൊഴിലാളികളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനു സാമ്പത്തിക സഹായം അനുവദിക്കുവാനും സൗജന്യമായി റേഷൻ വിതരണം നടത്തുവാനും അടിയന്തിരമായി നടപടി സ്വീകരിക്കുമോ;

(ബി) ദേശീയ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പിൽ നിന്നു തുച്ഛമായ തുക നൽകി നിർമ്മിച്ചിട്ടുള്ള വീടുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കെല്ലാം ധനസഹായം അനുവദിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് നടപടി</u>

3381 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാലവർഷക്കെടുതി മൂലം അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ ഫിഷറീസ് വകുപ്പ് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന സംഭവം</u>

3382 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെ കടലിൽ വച്ച് വെടിവച്ച് കൊന്ന ഇറ്റാലിയൻ നാവികർക്ക് എതിരെയുള്ള കേസ്സിൽ മത്സ്യബന്ധന വകുപ്പിന്റെ ഭാഗത്തുനിന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ജീവനോപാധി പദ്ധതി

3383 ശ്രീ. പി. തിലോത്തമൻ
,, കെ. അജിത്
,, ജി. എസ്. ജയലാൽ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ജീവനോപാധി പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് എത്രയും വേഗം അംഗീകാരം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് അംഗീകാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര കോടി രൂപയുടെ മത്സ്യബന്ധന ജീവനോപാധി പദ്ധതിയാണ് അംഗീകാരത്തിനുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) എത്ര പേർക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതിയാണിതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന വിവരങ്ങൾ</u>

3384 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായി ആരംഭിച്ച സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വേയിലെ കണ്ടെത്തലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ള ക്ഷേമപദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം

3385 ശ്രീ. സണ്ണി ജോസഫ്
'' ജോസഫ് വാഴക്കൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സാഫ് കയർ അപ്പെക്സ് ഫെഡറേഷൻ</u>

3386 ശ്രീ.കെ. ശിവദാസൻ നായർ
,, അൻവർ സാദത്ത്
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാഫ് കയർ അപ്പെക്സ് ഫെഡറേഷൻ വനിതകൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മത്സ്യകർഷകരുടെ മക്കൾക്ക് സീറ്റ് സംവരണം</u>

3387 ശ്രീ.സി.കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളാ യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിൽ(KUFOS) മത്സ്യകർഷകരുടെ മക്കൾക്ക് സീറ്റ് സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ</u>

3388 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദിനംപ്രതി ബാങ്കിൽ പോകുന്നതിനും അപേക്ഷകളിന്മേലുള്ള അന്വേഷണം നടത്തുന്നതിനുമായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസിലെ ഉദ്യോഗസ്ഥർ പ്രവൃത്തി സമയങ്ങളിൽ ഓഫീസ് അടച്ചിട്ട് പോകുന്നതിനാൽ വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന മത്സ്യത്തൊഴിലാളികൾക്ക് അന്നേദിവസത്തെ തൊഴിൽ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ തൊഴിൽദിനം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനും ഒരേ ആവശ്യത്തിന് പലപ്രാവശ്യം ക്ഷേമനിധി ബോർഡ് ഓഫീസിലെത്തുന്നത് ഒഴിവാക്കുന്നതിനുമായി മത്സ്യത്തൊഴിലാളികളുടെ അംഗത്വത്തിന് ആനുപാതികമായി ക്ഷേമനിധി ബോർഡ് ഓഫിസുകളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഓഫിസ് കംപ്യൂട്ടർവത്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതി</u>

3389 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതിയ്ക്ക് ധനസഹായം വർദ്ധിപ്പിച്ചത് എന്നു മുതൽക്കാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് മുമ്പ് അനുവദിച്ച് പൂർത്തിയാകാത്ത എത്ര വീടുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ധനസഹായം ഭാഗികമായി കൈപ്പറ്റുകയും വീട് പണി പൂർത്തിയാക്കാൻ സാധിക്കാതിരിക്കുകയും ചെയ്ത ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച തോതിലുള്ള ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>അനുബന്ധ മത്സ്യത്തൊഴിലാളികളുടെ വായ്പകൾ തീർപ്പാക്കുന്നതിന് നടപടി</u>

3390 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനുബന്ധ മത്സ്യത്തൊഴിലാളികൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകൾ 'വൺ ടൈം സെറ്റിൽമെന്റ്' പ്രകാരം തീർപ്പാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>ട്രോളിംഗ് നിരോധനം</u>

3391 ശ്രീ.ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനം എന്നു മുതലാണ് നിലവിൽ വരുന്നത്;

(ബി) ട്രോളിംഗ് നിരോധനം നിലവിൽവരുന്നതു മുതൽ മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ എന്നു മുതലാണ് സൗജന്യ റേഷൻ നൽകുക എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ശുചിത്വ തീരം പദ്ധതി</u>

3392

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുചിത്വതീരം പദ്ധതിയനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് തീരദേശമേഖലയിൽ ടോയ്‌ലറ്റുകൾ നിർമ്മിച്ചുനൽകുവാൻ സാധിക്കുമോ; ഉണ്ടെങ്കിൽ, ഓരോ കുടുംബത്തിനും എത്ര രൂപ അനുവദിക്കുവാനാണ് വ്യവസ്ഥയുള്ളത്;

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി, നാട്ടിക മണ്ഡലത്തിലെ തീരദേശ മേഖല സമ്പൂർണ്ണ ശുചിത്വതീരമായി പ്രഖ്യാപിക്കുവാൻ പദ്ധതി തയ്യാറാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പുഴയിലും അഴിമുഖത്തും കണ്ടൽക്കാടുകൾ</u>

3393 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുഴയിലും അഴിമുഖത്തുമുള്ള മത്സ്യങ്ങൾക്ക് പ്രജനനത്തിന് ആവശ്യമായ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ</u>
<u>നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>

3394 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) തീരദേശ വികസന കോർപ്പറേഷൻ കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 2 വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ വർഷം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ഫിർമ വാരുന്ന പോളതോടിന്റെ വശങ്ങളിൽ നിന്നും മാറ്റുന്നതിന് നടപടി</u>

3395 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ വാരുന്ന പോള എ.സി. കനാലിന്റെയും മറ്റ് തോടുകളുടെയും വശങ്ങളിൽ ഇടുന്നതുമൂലം വാഹന അപകടങ്ങൾ ഉണ്ടാകുന്നതും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) വാരുന്ന പോള വശങ്ങളിൽ നിന്നും മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) 20/04/2010-ലെ ഫിർമ 38/2010 ടെൻഡർ നോട്ടീസിലെ വ്യവസ്ഥകൾ പോലെ പോള വാരി 10 കി.മീ. അകലെ എങ്കിലും നിക്ഷേപിക്കുന്ന രീതിയിൽ പ്രസ്തുത പ്രവൃത്തി റീടെൻഡർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പോള നിർമ്മാർജ്ജനം</u>

3396 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വീഡ് ഹാർവെസ്റ്റർ മെഷീൻ ഉപയോഗിച്ച് ചെറിയ തോടുകളിലെയും മറ്റുമുള്ള പോള നിർമ്മാർജ്ജനത്തിന് ഫിർമയ്ക്ക് ബുദ്ധിമുട്ടുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറിയ തോടുകളിലെയും ജലാശയങ്ങളിലെയും പോള ജെ.സി.ബി. ഉപയോഗിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനും, വലിയ ജലാശയങ്ങളിൽ വീഡ് ഹാർവെസ്റ്റർ മെഷീൻ ഉപയോഗിക്കുന്ന രീതിയിലും ടെൻഡർ വ്യവസ്ഥകളിലും മാറ്റം വരുത്തി അനുമതി നേടി റീടെൻഡർ ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ ജലാശയങ്ങളിലെ പോള നിർമ്മാർജ്ജനം</u>

3397 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ജലാശയങ്ങളിലുള്ള പോളയുടെ ബയോമാസ് കണക്കാക്കി പഠന റിപ്പോർട്ട് തീരദേശ വികസന കോർപ്പറേഷൻ ഫിർമയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പും വിശദമായ റിപ്പോർട്ടും ലഭ്യമാക്കുമോ;

(സി) ബോംബെ ജെ.സി.ബി. എർത്ത് മൂവേഴ്സ് എത്ര ക്യുബിക്ക് മീറ്റർ പോള ഇതുവരെ നിർമ്മാർജ്ജനം ചെയ്തുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പൈലറ്റ് പ്രവൃത്തിക്ക് ഇതുവരെ ഫിർമ എത്ര തുക ചെലവഴിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ജീവന്‍ രക്ഷാ ബോട്ടുകള്‍</u>

3398 ശ്രീ. എ. പ്രദീപ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയില്‍ ഫിഷറീസ് വകുപ്പിന്റെ കീഴില്‍ എത്ര ജീവന്‍ രക്ഷാ ബോട്ടുകള്‍ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവയില്‍ പ്രവര്‍ത്തനസജ്ജമല്ലാത്ത എത്ര ബോട്ടുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ബോട്ടുകളില്‍ എന്തെല്ലാം സജ്ജീകരണങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

നെയ്യാർഡാം ഫിഷ് സീഡ് ഫാം

3399 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിനു സമീപത്തുള്ള നിർദ്ദിഷ്ട ഫിഷ് സീഡ് ഫാം തുടങ്ങുന്നതിന് ഏറ്റെടുത്തിട്ടുള്ള സ്ഥലം മറ്റേതെങ്കിലും ഏജൻസിയ്ക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലം ഏത് ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) അവശേഷിക്കുന്ന സ്ഥലത്ത് ഫിഷറീസ് വകുപ്പിന്റെ കീഴിൽ സീഡ് ഫാം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ മത്സ്യകൃഷി കർഷകർ നേരിട്ട പ്രശ്നങ്ങൾ</u>

3400 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വരൾച്ച മൂലം മത്സ്യകൃഷി കർഷകർ നേരിട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര ലക്ഷം രൂപയുടെ നാശനഷ്ടമാണ് ജില്ലയിലെ മത്സ്യകൃഷി കർഷകർക്ക് നേരിട്ടതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ കല്ലുമ്മക്കായ കർഷകരെ സഹായിക്കുന്നതിന് പദ്ധതി</u>

3401 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കല്ലുമ്മക്കായ കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

വൈപ്പിൻ മത്സ്യഗ്രാമത്തിലുള്ളവർക്ക് വീട്, കക്കൂസ് എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം

3402 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം വൈപ്പിൻ മണ്ഡലത്തിലെ എത്രപേർക്ക് വീട്, കക്കൂസ് എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചുവെന്നും ഇനിയും നൽകുവാനുള്ളവരുടെ എണ്ണം ഓരോ മത്സ്യഗ്രാമത്തിലും എത്രവീതമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ</u>

3403 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേനയും മത്സ്യബന്ധന തുറമുഖ വകുപ്പ് മുഖേനയും നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിയും ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേനയുള്ള റോഡുകൾ</u>

3404 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന ഭരണാനുമതി ലഭിക്കുകയും, നിർമ്മാണം ആരംഭിക്കുകയും ചെയ്ത റോഡുകളിൽ കരാർ കാലാവധി അവസാനിച്ച റോഡ് നിർമ്മാണപ്രവർത്തനങ്ങൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത റോഡുകളുടെ ഇപ്പോഴത്തെ പ്രവർത്തനപുരോഗതി എന്താണ്;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിന് കാലതാമസം വരുത്തുന്ന കരാറുകാരെക്കൊണ്ട് പ്രസ്തുത നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് വിമാനത്താവള വികസനം</u>

3405 ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷത്തിനിടെയുള്ള വിമാന സർവ്വീസുകളുടെ എണ്ണം, യാത്രക്കാരുടെ എണ്ണം, ചരക്ക് നീക്കം (ടണ്ണിൽ) എന്നിവ വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) വിമാനത്താവള വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) വിമാനത്താവള വികസനത്തിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാം;

(ഡി) സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം</u>

3406

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈപ്പിൻ മണ്ഡലത്തിലെ തീരദേശറോഡുകളുടെ പുനരുദ്ധാരണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന എത്ര പ്രവൃത്തികൾ നടപ്പാക്കിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പൂർണ്ണമായും തീരദേശമണ്ഡലമായ വൈപ്പിനിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പെരുമ്പളം പഞ്ചായത്തിന് ജംഗാർ</u>

3407 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-എ.ഡി.എഫ്.ൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ പെരുമ്പളം പഞ്ചായത്തിന് ജംഗാർ ലഭിക്കുന്നതിനായി എ.എസ്. ആയിട്ടും ജംഗാർ നിർമ്മിക്കുന്നതിനായുള്ള ഉത്തരവ് പോർട്ട് ഡയറക്ടറേറ്റിൽ നിന്നും കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് നാളിതുവരെ കൈമാറിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോർട്ട് ഡയറക്ടറേറ്റിൽ നിന്നും ഉത്തരവ് ലഭ്യമാക്കി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ കൊണ്ട് ജംഗാർ നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>രാമന്തളി നടപ്പാലം</u>

3408 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

രാമന്തളി, വലിയപറമ്പ് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി നടപ്പാലം പണി ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?